# മിഷൻ ഞായർ - 2009

*ദൈവത്തിനു സ്തുതി!*

*ദൈവജനത്തിനു സമാധാനം!*

വന്ദ്യവൈദികരേ, പ്രിയമക്കളേ,

അടുത്ത ഞായറാഴ്ച സാർവ്വത്രിക സഭയോടൊപ്പം നാം മിഷൻ ഞായറാഴ്ചയായി ആചരിക്കുകയാണ്. ഇതോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ പുറപ്പെടുവിച്ച സന്ദേശത്തിൽ വെളിപാടു പുസ്തകത്തിലെ ഒരു വാക്യമാണ് നമ്മുടെ വിചിന്തനത്തിനായി നിർദ്ദേശിച്ചിരിക്കുന്നത്: ''അതിന്റെ (കുഞ്ഞാടിന്റെ) പ്രകാശത്തിൽ ജനതകൾ സഞ്ചരിക്കും'' (വെളി. 21, 24). എന്താണ് സഭയുടെ പ്രേഷിത പ്രവർത്തനമെന്നും എങ്ങനെയാണ് പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതെന്നും നമ്മെ പഠിപ്പിക്കുന്ന തിരുവചനങ്ങളാണിവ.

**യാത്രയിൽ വഴിതെളിയിക്കുന്ന പ്രകാശം**

ഈ ലോകത്തിലെ നമ്മുടെ ജീവിതം ഒരു യാത്രയാണ്. ഈ യാത്രയിൽ, വിവിധ മതങ്ങളിലും പ്രത്യശാസ്ത്രങ്ങളിലും വിശ്വസിക്കുന്ന ലോകത്തിലെ എല്ലാ മനുഷ്യരും നമ്മുടെ സഹയാത്രികരായിട്ടുണ്ട്. ലക്ഷ്യത്തിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന അപകടകരങ്ങളായ സാഹചര്യങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. യാത്രയിൽ വഴിതെറ്റാതിരിക്കണമെങ്കിൽ പ്രകാശം വേണം. നമ്മെപ്പോലെത്തന്നെ സഹയാത്രകരായി നമ്മോടൊപ്പം യാത്രചെയ്യുന്നവരെല്ലാം അവകാശപ്പെടുന്നത് അവരവരുടെ മതവിശ്വാസങ്ങളും പ്രത്യയശാസ്ത്രങ്ങളും ലക്ഷ്യത്തിലേക്കു നയിക്കുന്ന പ്രകാശമെന്നാണ്. തീർച്ചയായും എല്ലാമതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും അതതിന്റേതായ പ്രകാശത്തിന്റെ അംശങ്ങളുണ്ട്. ഇവ സഹയാത്രികരുമായി പങ്കുവച്ചുകൊണ്ടാണ് എല്ലാവരും ജീവിത യാത്ര മുന്നോട്ടു കൊണ്ടുപോകുന്നത്. തങ്ങളുടേതായ വിശ്വാസങ്ങളിലൂടെ ജീവിതലക്ഷ്യത്തെക്കുറിച്ചു ലഭിച്ച പ്രകാശം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യവും അവകാശവും കടമയും എല്ലാവർക്കുമുണ്ട്. വൈവിദ്ധ്യങ്ങളെ മാനിച്ചുകൊണ്ടുതന്നെ വിവിധ മതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലുമുള്ള പ്രകാശത്തിന്റെ അംശങ്ങളെ ഉൾക്കൊള്ളുവാൻവേണ്ട തുറവിയും നമുക്കുണ്ടാവണം.

ഓരോരുത്തരും തങ്ങളുടേതായ വിശ്വാസം മെച്ചപ്പെട്ടതാണെന്നു വിശ്വസിക്കുന്നതുകൊണ്ടാണല്ലോ അതിൽ നിലനില്ക്കുന്നത്. കത്തോലിക്കരായ നാമും നമ്മുടെ വിശ്വാസത്തിന്റെ മേന്മയിൽ അഭിമാനിക്കുന്നവരാണ്. എല്ലാ മതവിശ്വാസികളെയുംപോലെ നമ്മളും ദൈവത്തെ ലക്ഷ്യമാക്കി

യാത്രചെയ്യുന്നവരാണ്. എങ്കിലും നമ്മുടെ വിശ്വാസത്തിന്റെ മേന്മയായി നാം എടുത്തുകാണിക്കുന്നതിതാണ്: ജീവിത യാത്രയിൽ നമ്മെ നയിക്കുന്നത് നമ്മുടെതന്നെ ചിന്തയുടെയും ധ്യാനത്തിന്റെയും ഫലമായി നമുക്കു ലഭിക്കുന്ന പ്രകാശത്തിന്റെ അംശങ്ങൾ മാത്രമല്ല; പിന്നെയോ ക്രിസ്തുവാകുന്ന പ്രകാശത്തിന്റെ പൂർണ്ണതയാണ്. ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും'' (യോഹ. 8, 12). എന്ന് യേശു മാത്രമേ അവകാശപ്പെടുന്നുള്ളൂ. മറ്റു മതാചാര്യന്മാരെല്ലാം ലക്ഷ്യം കണ്ടിട്ടുള്ളവരല്ല; നമ്മോടൊപ്പം സഹയാത്രികരായി ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്നവരാണ്. എന്നാൽ യേശുവാകട്ടെ പിതാവിന്റെ സന്നിധിയിലേക്ക് മനുഷ്യകുലത്തെ ആനയിക്കുവാൻ പിതാവു തന്നെ അയച്ച വഴികാട്ടിയാണ്; പിതാവിനോടൊപ്പം ദൈവമായ യേശു നമ്മുടെ ലക്ഷ്യസ്ഥാനം കൂടിയാണ്. അതുകൊണ്ടാണ് യേശു പറഞ്ഞത്:''വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല'' (യോഹ. 14, 6). യേശുവിലൂടെ നമുക്കു ലഭിച്ച ഈ പ്രകാശം, യേശുവാകുന്ന ഈ പ്രകാശം, എല്ലാ ജനതകളുമായി പങ്കുവയ്ക്കുവാൻ നാം കടപ്പെട്ടവരാണ്. ഇതാണ് ''അതിന്റെ (കുഞ്ഞാടിന്റെ) പ്രകാശത്തിൽ ജനതകൾ സഞ്ചരിക്കും'' എന്ന തിരുവചനങ്ങൾകൊണ്ട് അർത്ഥമാക്കുന്നത്. ''ജനതകൾ ചരിത്രത്തിലൂടെ ദൈവത്തിലേക്ക് നടത്തുന്ന യാത്രയിൽ അവരെയെല്ലാം സുവിശേഷ ദീപ്തിയാൽ പ്രകാശിപ്പിക്കുന്നതാണ് സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ ലക്ഷ്യം'' എന്ന് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിൽ സൂചിപ്പിക്കുന്നതിന്റെയും അർത്ഥം ഇതുതന്നെയാണ്.

**പ്രകാശത്തെ തടസ്സപ്പെടുത്തുന്ന എതിർ സാക്ഷ്യം**

ക്രിസ്തുവിനോടൊപ്പം പ്രകാശം പരത്തുന്നവരായിത്തീരാൻ നാം ആദ്യമായി ശ്രദ്ധിക്കേണ്ടത് എതിർസാക്ഷ്യം നല്കാതിരിക്കുകയാണ്. ദുർമാതൃകകളും ഉതപ്പുകളും നമ്മുടെ ജീവിതത്തിൽ നിന്നും കഴിയുന്നതും ഒഴിവാക്കിക്കൊണ്ട് നമ്മുടെ വിശ്വാസത്തിനനുസൃതമായി നാം ജീവിക്കണം. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ശക്തമായി എതിർക്കുന്ന ഒരു പ്രവണത നമ്മുടെ നാട്ടിൽതന്നെ ഒന്നിനൊന്നു വർദ്ധിച്ചുവരികയാണല്ലോ. പലപ്പോഴും നമ്മുടെ അവിവേകവും അശ്രദ്ധയും ഇതിനുകാരണമായിത്തീരുന്നുണ്ട്. നമ്മുടെ മനോഭാവങ്ങളിലും സമീപനരീതികളിലും വ്യത്യാസം വരേണ്ടിയിരിക്കുന്നു. തീർച്ചയായും സമൂഹത്തിനു ഹാനികരമായ അന്ധവിശ്വാസങ്ങളെ സന്മനസ്സുള്ള എല്ലാമനുഷ്യരോടൊപ്പം നാം എതിർക്കണം. അതേസമയംതന്നെ നമ്മുടെ വിശ്വാസമനുസരിച്ച് നമുക്ക് ഉൾക്കൊള്ളുവാൻ സാധിച്ചില്ലെങ്കിലും മറ്റുമത വിഭാഗങ്ങളുടെ ദൈവസങ്കല്പങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും മാനിക്കാൻ നമുക്കു കഴിയണം. സ്നേഹപൂർവ്വകമായ സംവാദങ്ങളിലൂടെയും ഇടപെടലുകളിലൂടെയുമായിരിക്കണം സുവിശേഷത്തിന്റെ പ്രകാശം മറ്റുള്ളവർക്കു പകർന്നു കൊടുക്കുകയും മറ്റു മതങ്ങളിലെ ദൈവികാംശങ്ങൾ നാം ഉൾക്കൊള്ളുകയും ചെയ്യേണ്ടത്. ഇതിനായി തികച്ചും സുതാര്യമായ മാർഗ്ഗങ്ങളല്ലാതെ ഏതെങ്കിലും രീതിയിൽ മറ്റുള്ളവരെ വെറുപ്പിക്കുന്നതോ അവരിൽ തെറ്റിദ്ധാരണ ഉളവാക്കുന്നതോ ആയ മാർഗ്ഗങ്ങളൊന്നും തന്നെ നാം അവലംബിക്കരുത്. ''സഭ അദ്ധ്വാനിക്കുന്നത് അതിന്റെ ശക്തി വ്യാപിപ്പിക്കുവാനോ അധീശത്വം പുലർത്തുവാനോ അല്ല, പിന്നെയോ എല്ലാ ജനതകളെയും ലോകത്തിന്റെ രക്ഷകനായ ക്രിസ്തുവിലേക്കു നയിക്കാനാണ്'' എന്നാണ് തന്റെ സന്ദേശത്തിൽ മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത്.

യേശു നമുക്കു പകർന്നു തരുന്ന സ്നേഹത്തിന്റെ ചൈതന്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നമ്മുടെതന്നെ നിക്ഷിപ്ത താല്പര്യങ്ങൾക്കുവേണ്ടിയും ശക്തി തെളിയിക്കുവാനുമായി

സംഘർഷങ്ങൾക്ക് നാം ഒരുമ്പെടുമ്പോഴൊക്കെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ നാം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് എല്ലാവരും നമ്മെ വെറുക്കാനും നമ്മിൽ നിന്ന് അകലാനും ഇടയാക്കും. ഈ പശ്ചാത്തലത്തിൽവേണം അന്യമതവിഭാഗങ്ങളുമായി അപ്പോഴപ്പോഴുണ്ടാകുന്ന നമ്മുടെ സംഘർഷങ്ങളെയും ഇടവകകൾ തമ്മിലും ഇടവകയ്ക്കുള്ളിൽതന്നെ കുടുംബങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെയും നാം വിലയിരുത്തേണ്ടത്. യേശുവിനോടൊത്തുചേർന്നുകൊണ്ട് രക്ഷയുടെ പ്രകാശം പരത്തേണ്ട നാം ഇങ്ങനെയുള്ള അവസരങ്ങളിൽ അറിഞ്ഞോ അറിയാതെയോ അനേകംപേരുടെ നാശത്തിന് കാരണമായിത്തീരുകയാണ് ചെയ്യുന്നത് എന്ന വസ്തുത നാം ഓർമ്മിക്കുന്നതു നന്നായിരിക്കും.

ക്രിസ്തുവിലൂടെ നമുക്കു ലഭിച്ച പ്രകാശം, ക്രിസ്തുവാകുന്ന പ്രകാശം, ദൈവം നമുക്കു തന്ന ഏറ്റവും വലിയ ദാനമാണ്. അതു എല്ലാ ജനതകളുമായി പങ്കുവയ്ക്കപ്പെടാനുള്ളതാണ്. ''ദാനമായി നിങ്ങൾക്കു കിട്ടി, ദാനമായി കൊടുക്കുവിൻ'' (മത്താ. 10, 8). എന്നാണല്ലോ യേശുവും നമ്മോടാവശ്യപ്പെടുന്നത്. ഒരു ഭിക്ഷക്കാരൻ തനിക്ക് എവിടെ നിന്നാണ് അപ്പം കിട്ടിയതെന്ന് മറ്റു ഭിക്ഷക്കാരെയും അറിയിക്കുന്ന സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവൃത്തിയാണ് സഭയുടെ സുവിശേഷപ്രഘോഷണം. മാർപ്പാപ്പ തന്റെ സന്ദേശത്തിൽ സൂചിപ്പിക്കുന്നതുപോലെ, പ്രേഷിത പ്രവർത്തനങ്ങളിലൂടെ ''മുഴുവൻ മനുഷ്യവംശത്തിനും വേണ്ടി സേവനം ചെയ്യാനാണ് നാം പരിശ്രമിക്കുന്നത്'' എന്ന അവബോധം മറ്റുള്ളവരിൽ ആഴമാക്കുവാൻ ആദ്യമായി നമുക്കു കഴിയണം.

**പ്രകാശത്തെ ഉജ്ജ്വലിപ്പിക്കുന്ന ജീവിത സാക്ഷ്യം**

ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ, ക്രിസ്തുവിന്റെ പ്രകാശം ചുറ്റും പരത്തുവാൻ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും വ്യക്തിപരമായും സമൂഹമായും കടപ്പെട്ടവരാണ്. ''സാർവ്വത്രിക പ്രേഷിത പ്രവർത്തനങ്ങൾ സഭയുടെ ജീവിതത്തിൽ അടിസ്ഥാനപരമായും സ്ഥിരമായും ഉണ്ടായിരിക്കണമെന്നും, പ്രേഷിത തീക്ഷ്ണത, എല്ലാ കാലത്തും നമ്മുടെ സഭകൾ സജീവമാണ് എന്നതിന്റെ അടയാളമാണെന്നും'' മാർപ്പാപ്പ തന്റെ സന്ദേശത്തിൽ എടുത്തു പറയുന്നു. യേശുവിന്റെ കല്പന പാലിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനങ്ങൾക്കായി ആവശ്യമുള്ള ഇടങ്ങളിലെല്ലാം കടന്നുചെല്ലുവാൻ സഭാംഗങ്ങൾ സന്നദ്ധരായിരിക്കണം. (cfr. മാർക്ക്. 16, 15). എന്നാൽ അതിനു മുൻപ് പ്രേഷിതരെ ലോകത്തിന്റെ പലഭാഗങ്ങളിലും അയക്കുന്ന സഭകൾതന്നെ വിശ്വാസത്തിലടിയുറച്ചതായിരിക്കണം. എന്തെങ്കിലും നേടിയെടുക്കുവാനാകരുത്, പിന്നെയോ ക്രിസ്തുവിന്റെ പ്രകാശം പരത്തുന്നവരായി ഉള്ളതെല്ലാം സമർപ്പിക്കുന്ന ഉദ്ദേശശുദ്ധിയോടും പ്രേഷിത തീക്ഷ്ണതയോടും കൂടിവേണം പ്രേഷിത പ്രവർത്തനങ്ങൾക്കായി നാം ഇറങ്ങി പുറപ്പെടുവാൻ. എങ്കിൽ മാത്രമേ നമ്മുടെ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കുകയുള്ളൂ.

വാക്കുകളെക്കാളുപരി ഫലപ്രദമായ പ്രേഷിത പ്രവർത്തനത്തിനു വേണ്ടത് വിശ്വാസത്തിനനുസൃതമായ പ്രവൃത്തികളും ജീവിത മാതൃകയുമാണ്. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രേഷിത പ്രവർത്തകരുടെ ഒരു സമ്മേളനത്തെക്കുറിച്ച് ഈയിടെ ഒരു മാസികയിൽ വായിക്കാനിടയായി. ഓരോരുത്തരും അവരവരുടേതായ പ്രവർത്തന രീതികൾ അവതരിപ്പിക്കുകയായിരുന്നു. വാഗ്‌വിലാസം, ഭാഷകൾ കൈകാര്യം ചെയ്യുന്നതിലുള്ള വൈദഗ്ദ്ധ്യം, ദൈവശാസ്ത്ര പരിജ്ഞാനം, ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം ഇവയെല്ലാം പ്രേഷിത പ്രവർത്തനങ്ങളെ എത്രമാത്രം സഹായിക്കുന്നുവെന്ന വിവരണങ്ങളാണ് ഭൂരിപക്ഷം പേർക്കും

നല്കാനുണ്ടായിരുന്നത്. എന്നാൽ ആഫ്രിക്കയിൽ നിന്നും വന്ന ഒരു പെൺകുട്ടി അവരുടെ പ്രദേശത്തു ചെയ്തുകൊണ്ടിരുന്ന വ്യത്യസ്തമായ ഒരു പ്രഘോഷണരീതിയാണ് സദസ്സിനു പരിചയപ്പെടുത്തിക്കൊടുത്തത്. പ്രേഷിത പ്രവർത്തകരുടെ സംഘം കൂടി സുവിശേഷം അറിയിക്കേണ്ട ഗ്രാമങ്ങളേതെന്ന് ആദ്യം തീരുമാനിക്കും. എന്നിട്ട് ഓരോ ഗ്രാമത്തിലും ഓരോ ക്രിസ്തീയ കുടുംബത്തെവീതം അയയ്ക്കും. ഈ കുടുംബം ഗ്രാമവാസികളുടെ മദ്ധ്യേ ജീവിച്ചുകൊണ്ട് സന്തോഷപ്രദമായ ജീവിതം എപ്രകാരം നയിക്കാമെന്നതിന് സാക്ഷ്യം നല്കണം. അവരുടെ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും രഹസ്യമന്വേഷിക്കുന്ന ഗ്രാമവാസികൾക്ക് യേശു നല്കിയ മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചും യേശുവിലൂടെ ലഭിക്കുന്ന കൃപാവരങ്ങളെക്കുറിച്ചുമുള്ള അറിവു പകർന്നുകൊടുക്കും. തങ്ങൾ നല്കിയ ജീവിത മാതൃക ആ ഗ്രാമത്തിൽ നിലനിറുത്തുവാനും തുടരുവാനും ഏതാനും കുടുംബങ്ങളെയെങ്കിലും വാർത്തെടുത്തതിനുശേഷം ആ കുടുംബം മറ്റൊരു ഗ്രാമത്തിലേക്ക് യാത്രയാകും. ഏറ്റവും നല്ല സുവിശേഷ പ്രഘോഷണ മാർഗ്ഗമായി ആ സമ്മേളനം തിരഞ്ഞെടുത്തത് ആഫ്രിക്കയിലെ ഈ പ്രേഷിത പ്രവർത്തന ശൈലിയായിരുന്നു. യേശുവും ഇതുതന്നെയാണല്ലോ നമ്മോട് ആവശ്യപ്പെടുന്നത്: ''മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെമേൽ പ്രകാശിക്കട്ടെ'' (മത്താ. 5, 16). തിരുവനന്തപുരം അതിരൂപതയിൽ 60449 കുടുംബങ്ങളുണ്ട്. ഈ കുടുംബങ്ങളെല്ലാം ഇതുപോലെ പ്രകാശം പരത്തുന്ന കുടുംബങ്ങളായിരുന്നെങ്കിലോ എന്ന് ഞാൻ ആശിച്ചുപോവുകയാണ്.

**രക്തസാക്ഷിത്വം ഏറ്റവും വലിയ സാക്ഷ്യം**

സുവിശേഷത്തിന് നമുക്കു നല്കാവുന്ന ഏറ്റവും വലിയ സാക്ഷ്യം രക്തം കൊണ്ടുള്ള സാക്ഷ്യമാണ്, അഥവാ രക്തസാക്ഷിത്വമാണ്. സത്യത്തിനു സാക്ഷ്യം വഹിച്ചതിനു യേശുവിന് ലഭിച്ചത് കുരിശുമരണമായിരുന്നല്ലോ. മാർപ്പാപ്പ തന്റെ സന്ദേശത്തിൽ ഇതേക്കുറിച്ചു നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ''സുവിശേഷം പ്രസംഗിക്കുന്നവർക്ക് ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കു നല്കപ്പെടുന്നു, ക്രിസ്തുവിന്റ ഭാഗധേയം തന്നെ അവർക്കും ലഭിക്കും: 'ദാസൻ യജമാനനെക്കാൾ വലിയവനല്ലെന്ന് ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമ്മിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും' (യോഹ. 15, 20). ക്രിസ്തു നടന്ന അതേവഴിയിലൂടെ സഭയും നടക്കുന്നു. ക്രിസ്തു സഹിച്ച അതേ വിധിതന്നെ സഭയും സഹിക്കുന്നു.''

വിജാതീയർക്ക് വെളിപാടിന്റെ പ്രകാശമായി അവതരിച്ച ശിശുവായ യേശുവിനെ കൈകളിലെടുത്തുകൊണ്ട് ശിമയോൻ പ്രവചിച്ചതുപോലെ ക്രിസ്തുവും അവിടുത്തെ സുവിശേഷവും എപ്പോഴും എവിടെയും എതിർപ്പിന്റെ അടയാളമായിരിക്കും. മറിയത്തിൽ സംഭവിച്ചതുപോലെ ഈ സുവിശേഷം സ്വീകരിക്കുകയും അതു പ്രഘോഷിക്കുകയും ചെയ്യുന്നവരിലുളവാകുന്നതും ഹൃദയത്തിലൂടെ ഒരു വാൾകടന്നുപോകുന്ന അനുഭവമായിരിക്കും (ലൂക്ക. 2, 34-35). നിലവിളിച്ചുകൊണ്ട് കുരിശിൽ തലചായ്ച്ചു മരിക്കുന്ന യേശുവിനെ കണ്ടപ്പോഴാണ് കുരിശിന്റെ ചുവട്ടിൽ നിന്ന ശതാധിപനും കൂടെയുള്ളവരും യേശുവിലുള്ള തങ്ങളുടെ വിശ്വാസം ഇപ്രകാരം ഏറ്റുപറഞ്ഞത്: ''സത്യമായും ഇവൻ ദൈവപുത്രനായിരുന്നു'' (മത്താ. 27, 54). ഇന്നത്തെ സമൂഹവും ഇതുപോലെ യേശുവിലുള്ള വിശ്വാസം പ്രഖ്യാപിക്കണമെങ്കിൽ പീഡകളിലൂടെ അതിനു സാക്ഷ്യം വഹിക്കുവാൻ സന്നദ്ധരാകുന്ന ധാരാളം പേരുണ്ടാകണം. ഈ കാലഘട്ടത്തിലും സഭയിൽ രക്തസാക്ഷികൾക്ക് കുറവൊന്നുമില്ല. വിശ്വാസം പരിത്യജിച്ചുകൊണ്ട് ജീവൻ

സംരക്ഷിക്കുന്നതിനേക്കാൾ, വിശ്വാസത്തിനുവേണ്ടി മരിക്കുവാൻ തയ്യാറായ ഒറീസ്സയിലെ രക്തസാക്ഷികൾ ജ്വലിക്കുന്ന മാതൃകകളായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. ഉറ്റവരും ഉടയവരും തങ്ങളുടെ കൺമുമ്പിൽ വച്ച് വെട്ടി നുറുക്കപ്പെടുകയും ചുട്ടെരിയിക്കപ്പെടുകയും ചെയ്യുന്നത് കണ്ടിട്ടും ഇന്നും ക്രിസ്തീയ വിശ്വാസം അഭിമാനത്തോടെ ഏറ്റുപറയുന്ന ഒറീസ്സയിലെ ക്രൈസ്തവർ ഒരു വിധത്തിൽ പറഞ്ഞാൽ മറിയത്തെപ്പോലെ രക്തസാക്ഷികളാണ്. ''ക്രിസ്ത്യാനികളുടെ രക്തം ക്രിസ്തു മതത്തിന്റെ വിത്താണ്'' എന്ന് പണ്ട് സഭാപിതാവായ തെർതുല്യൻ പറഞ്ഞിട്ടുണ്ട്. ഒറീസ്സായിലെ ക്രൈസ്തവർ ചിന്തിയ രക്തവും അനുഭവിക്കുന്ന പീഡകളും ഒരിക്കലും ഫലരഹിതമായിപ്പോവുകയില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ പൂർവ്വാധികം ശക്തിയോടെ അവിടുത്തെ സഭ ഉയിർത്തെഴുന്നേല്ക്കുന്നത് അനതിവിദൂരമായ ഭാവിയിൽ നാം കാണും.

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

ഇതൊക്കെയാണെങ്കിലും സാക്ഷികളെ രൂപപ്പെടുത്തുന്നതും സാക്ഷ്യം വഹിക്കാൻ ശക്തി നല്കുന്നതും സാക്ഷ്യത്തിലൂടെ ജനഹൃദയങ്ങളെ സ്പർശിക്കുന്നതും മാനസാന്തരപ്പെടുത്തുന്നതും അടിസ്ഥാനപരമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്. അതുകൊണ്ട് ''ദൈവരാജ്യം വ്യാപിപ്പിക്കാനുള്ള ദൗത്യത്തിൽ സഭയുടെ തീക്ഷ്ണത വർദ്ധിപ്പിക്കണമെന്നും ശത്രുതയുടെയും മതപീഢനത്തിന്റെയും സാഹചര്യങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷണറിമാരെയും ക്രൈസ്തവ സമൂഹങ്ങളെയും സഹായിക്കണമെന്നും പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുവാൻ'' മാർപ്പാപ്പ തന്റെ സന്ദേശത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നു. സർവ്വോപരി പ്രാർത്ഥിക്കുവാൻ തന്നെയാണല്ലോ യേശുവും നമ്മോട് ആവശ്യപ്പെടുന്നത്: ''വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ'' (മത്താ. 9, 37-38).

**പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായം**

ലോകമാസകലമുള്ള പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി ആവുന്നത്ര സാമ്പത്തിക സഹായം നല്കണമെന്നും മാർപ്പാപ്പ നാമേവരോടും അഭ്യർത്ഥിക്കുന്നു. നാം നല്കുന്ന സാമ്പത്തിക സഹായം എത്രയേറെ നമ്മുടെ ത്യാഗങ്ങളുടെ ഫലമാണോ അത്രയേറെ പ്രേഷിത പ്രവർത്തനങ്ങളെ വിജയിപ്പിക്കുവാൻ അവ ഉപകരിക്കും എന്ന വസ്തുതയും നാം മറന്നുപോകരുത്.

നമ്മുടെ രൂപതാംഗങ്ങളുടെ ത്യാഗമനോഭാവത്തെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുകയില്ല. പാവപ്പെട്ടവരും സാധാരണക്കാരുമായ നിങ്ങൾ കഴിവിനുമപ്പുറമുള്ള തുകകളാണ് ഓരോ വർഷവും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്തുകൊണ്ടിരിക്കുന്നത്. പരിശുദ്ധ പിതാവിനോടൊപ്പം ഞാൻ നിങ്ങൾക്ക് നന്ദി പറയുകയും നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങളർഹിക്കുന്ന പ്രതിഫലം ദൈവം നിങ്ങൾക്കുതരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ കൊല്ലം പ്രേഷിത പ്രവർത്തനങ്ങൾക്കായി പിരിഞ്ഞുകിട്ടിയ തുക മുപ്പതു ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി എഴുന്നൂറ്റി എൺപത്തിയാറ് രൂപയാണ് (30,89,786.00). മുൻകൊല്ലത്തെക്കാൾ 1,12,336 രൂപയുടെ വർദ്ധനവു ണ്ട് . എങ്കിലും പുത്തൻതോപ്പ് ഇടവക ആളോഹരി ക്രമത്തിൽ 99 രൂപാ 28 പൈസാ സംഭാവന ചെയ്തപ്പോൾ ആളൊന്നിന് ശരാശരി രണ്ടു രൂപാപോലും സംഭാവന ചെയ്യാത്ത പല വലിയ ഇടവകകളുമുണ്ട്. ഇനി മുതൽ ഇതിന് ഒരു

പരിഹാരം വരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തത്തിലും ആളോഹരി ക്രമത്തിലും ഏറ്റവും കൂടുതൽ സംഭാവന ചെയ്ത പത്ത് ഇടവകകളുടെയും മൂന്നു സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| **1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ** | | |
|---|---|---|
| **നം** | **ഇടവക** | **തുക** |
| 1 | പുത്തൻതോപ്പ് | 2,55,555.00 |
| 2 | വെട്ടുകാട് | 1,52,717.00 |
| 3 | പുതിയതുറ | 1,40,642.00 |
| 4 | പേട്ട | 1,32,350.00 |
| 5 | വിഴിഞ്ഞം | 1,25,500.00 |
| 6 | പാളയം | 1,10,145.00 |
| 7 | കണ്ണാന്തുറ | 1,08,380.00 |
| 8 | വലിയവേളി | 1,03,501.00 |
| 9 | കൊച്ചുവേളി | 90,801.00 |
| 10 | സെന്റ് ആൻഡ്രൂസ് | 75,000.00 |

| **2. ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ** | | |
|---|---|---|
| **നം** | **ഇടവക** | **തുക** |
| 1. | പുത്തൻതോപ്പ് | 99.28 |
| 2. | മണക്കാട് | 68.81 |
| 3. | നന്തൻകോട് | 64.28 |
| 4. | പോങ്ങുംമൂട് | 63.18 |
| 5. | വെള്ളയമ്പലം | 61.27 |
| 6. | കിള്ളിപ്പാലം | 49.23 |
| 7. | പേട്ട | 48.87 |
| 8. | വർക്കല | 45.12 |
| 9. | സെന്റ് ആൻഡ്രൂസ് | 43.68 |
| 10 | കാഞ്ഞിരംപാറ | 39.32 |

| **3. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 3 സ്ഥാപനങ്ങൾ** | | |
|---|---|---|
| **നം** | **ഇടവക** | **തുക** |
| 1. | സെന്റ് ഫിലോമിനാസ് H.S, പൂന്തുറ | 40,000.00 |
| 2. | സെന്റ് റോച്ച്സ് H.S., തോപ്പ് | 30,600.00 |
| 3. | റോസ്മിനിയൻസ് സ്കൂൾ, ചെറിയതുറ | 30,001.00 |

തുടർന്നും പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശ്രവിച്ചുകൊണ്ട് സാർവ്വത്രിക സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പ്രാർത്ഥനാരൂപിയോടും ത്യാഗമനോഭാവത്തോടും നമുക്കും പങ്കുചേരാം. ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ

വെള്ളയമ്പലം
07.10.2009

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**Ps:** ഈ ഇടയലേഖനം 2009 ഒക്ടോബർ മാസം 11-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.